**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2251** **12-02-2024 - ൽ മറുപടിയ്ക്ക്**

**കോട്ടപ്പറമ്പ് ഹോസ്പിറ്റലിൽ ക്വാർട്ടേഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടപ്പറമ്പ് ഹോസ്പിറ്റലിൽ നഴ്സസ് ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പാർക്കിംഗ് സൗകര്യത്തോട് കൂടി ക്വാർട്ടേഴ്സ്, ബ്ലഡ് ബാങ്ക് കെട്ടിടം എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോട്ടപ്പറമ്പ് ഹോസ്പിറ്റലിൽ നഴ്സസ് ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പാർക്കിങ് സൗകര്യത്തോടു കൂടി ക്വാർട്ടേഴ്സ്, ബ്ലഡ് ബാങ്ക് കെട്ടിടം എന്നിവ നിർമിക്കുന്നതിനുള്ള പ്രൊപ്പോസൽ ആശുപത്രിയിൽ നിന്നും 25/8/2023 ന എൻ.എച്ച്.എം ജില്ലാ പ്രോഗ്രാം മാനേജർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിന് പി.എം.ജെ.എ.വൈ. പദ്ധതി പ്രകാരം ധനം കണ്ടെത്തുന്നതിനുള്ള ശ്രമത്തിന്റെ സ്ഥിതി വിവരിക്കാമോ; | (ബി) | കുതിരവട്ടം മാനസിക ആരോഗ്യ കേന്ദ്രത്തിനായി മാസ്റ്റർ പ്ലാൻ തയാറാക്കുകയും ആദ്യ ഘട്ട നിർമാണത്തിന് പി.എം.ജെ.എ.വൈ. പദ്ധതി പ്രകാരമുള്ള 104 കോടി ലഭ്യമാക്കുന്നതിന് കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന് മുൻപാകെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുമുണ്ട്. അനുമതി ഇതുവരെയും ലഭ്യമായിട്ടില്ല. |
| (സി) | കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ ഡയാലിസിസ് സെന്റർ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (സി) | കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ പ്രധാന ആരോഗ്യ സ്ഥാപനങ്ങളായ സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി, ഗവണ്മെന്റ് മാനസിക ആരോഗ്യകേന്ദ്രം, ജില്ലാ ടി.ബി. സെന്റർ എന്നിവിടങ്ങളിൽ ഡയാലിസിസ് സെന്റർ നിർമ്മിക്കുന്ന തിനുള്ള സൗകര്യം നിലവിൽ ഇല്ല എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ